# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA MPM 4/209/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 17/03/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാളികാവ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (AIMS മുഖേന)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മിഷണർ (ജനറൽ ),മലപ്പുറം
3)കാര്യാലയ പകർപ്പ്

നമ്പർ: KSA MPM 4/209/23 തീയ്യതി: 17/03/2023

## മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 25-01-2023 | 31-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-01-2023 | 31-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പി.ശ്രീജ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.അബ്ദുസമദ്.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 13-05-2021 |

| | | | |
|---|---|---|---|
| ശ്രീ.കേശവദാസ്.പി | സെക്രട്ടറി | 14-05-2021 | 04-10-2021 |
| ശ്രീമതി.അംബിക.വി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-10-2021 | 04-11-2021 |
| ശ്രീ.കേശവദാസ്.പി | സെക്രട്ടറി | 05-11-2021 | 05-02-2022 |
| ശ്രീ.അബ്ദുസമദ്.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-02-2022 | 13-02-2022 |
| ശ്രീമതി.അംബിക.വി.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 14-02-2022 | 27-02-2022 |
| ശ്രീ.ജയരാജൻ.വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 28-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സജിത.ടി.വി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.മഞ്ജു കെ നായർ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി കരുവാരകുണ്ട്.) | 01-04-2021 | 31-03-2022 |
| ഡോ.ജസീല വി | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി കാളികാവ്.) | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗീത ആർ ചന്ദ്രൻ | അസിസ്റ്റന്റ് ഡയറക്ടർ-കൃഷി | 01-04-2021 | 31-03-2022 |
| ശ്രീമതി.സുബൈദ.പി | സി.ഡി.പി.ഒ | 01-04-2021 | 31-03-2022 |
| ശ്രീ.അജയകുമാർ .പി | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2021 | 07-07-2021 |
| ശ്രീ.അനിൽകുമാർ.എൻ | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 08-07-2021 | 31-03-2022 |
| ശ്രീ.സിനിമോൻ.സി.എച്ച് | അസി. എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.അനീഷ്.എ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 14-07-2021 |
| ശ്രീ.നിഷാദ്.എം.എസ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 15-07-2021 | 03-10-2021 |
| ശ്രീ.സുനിൽ കെ.എൻ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 04-10-2021 | 31-03-2022 |
| ശ്രീ.ബ്രിജേഷ് എരകൻ | വ്യവസായ വികസന ഓഫീസർ | 01-04-2021 | 23-08-2021 |

| | | | |
|---|---|---|---|
| ശ്രീ.ബിനു.കെ | വ്യവസായ വികസന ഓഫീസർ | 24-08-2021 | 12-01-2022 |
| ശ്രീ.ബ്രിജേഷ് എരകൻ | വ്യവസായ വികസന ഓഫീസർ | 13-01-2022 | 21-03-2022 |
| ശ്രീ.സന്തോഷ് കുമാർ.എൻ | വ്യവസായ വികസന ഓഫീസർ | 22-03-2022 | 31-03-2022 |
| ശ്രീ.അബ്ദുൽ റഷീദ് കെ.പി | എസ്.സി.ഡി.ഒ | 01-04-2021 | 05-09-2021 |
| ശ്രീ.പ്രശാന്ത്.കെ.പി | എസ്.സി.ഡി.ഒ | 06-09-2021 | 06-02-2022 |
| ശ്രീ.മഹേഷ്.പി.എസ് | എസ്.സി.ഡി.ഒ | 07-02-2022 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം. | 1-3 |
| 4 | ഫണ്ട് വിനിയോഗം. | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി. | 1-6 |
| 7 | ക്ഷേമപദ്ധതി. | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | 1-10 |
| 11 | വാർഷിക കണക്ക് പരിശോധന – അപാകതകൾ. | 1-11 |
| 12 | മെറിറ്റോറിയസ് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ. | 1-12 |
| 13 | മെഡിക്കൽ ഓഫീസർ -സി.എച്ച്.സി കാളികാവ് നിർവ്വഹണം നടത്തിയ പദ്ധതികൾ - മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-13 |
| 14 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-14 |
| 15 | മെഡിക്കൽ ഓഫീസർ -സി.എച്ച്.സി കരുവാരകുണ്ട് നിർവ്വഹണം നടത്തിയ പദ്ധതികൾ - 2,50,868/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-15 |
| 16 | സോളാർ മിനി മാസ്റ്റ് സ്ഥാപിക്കൽ - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തി | 1-16 |
| 17 | കാളികാവ് ബ്ലോക്ക് ഓഫീസിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി - സ്ഥാപനത്തിന്റെ ചെലവ് വിവരം ലഭ്യമാക്കിയില്ല. | 1-17 |
| 18 | കാളികാവ് സി എഫ് എൽ ടി സി (സഫ ഹോസ്പിറ്റൽ)അനുബന്ധ പ്രവർത്തനങ്ങൾ -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-18 |
| 19 | കോവിഡ് പ്രതിരോധ പ്രവർത്തനം -കോവിഡ് രണ്ടാം തരംഗം- സഫ സി എഫ് എൽ ടി സി യിലെ സ്റ്റഫ് നേഴ്സ്മാർക്ക് അധിക വേതനം നൽകൽ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-19 |
| 20 | കാളികാവ് ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ലൈഫ് ഭവന പദ്ധതി വിഹിതം നല്കൽ - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്. | 1-20 |

| | | |
|---|---|---|
| 21 | അസി .എക്സി .എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ ,ലാപ് ടോപ്പ് വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-21 |
| 22 | നിയമപരമായ കാലാവധിക്കുള്ളിൽ കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയില്ല. നഷ്ടം 8628 രൂപ. | 1-22 |
| 23 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 1-23 |
| 24 | പദ്ധതിപ്പണം മുഴുവനായും ചെലവഴിച്ചിട്ടില്ല. | 1-24 |
| 25 | വാഹന വാടക നൽകിയത് - ആദായ നികുതി ഈടാക്കിയില്ല. | 1-25 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം. | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ. | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ. | 4-6 |
| 7 | ഓഡിറ്റ് റിക്കവറി. | 4-7 |
| 8 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം. | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1 - 24.02.2021 | ഇല്ല. |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 01.07.2022 | - | - |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 75,15,682/- |
| വരവ് | 9,66,75,266/- |
| ആകെ | 10,41,90,948/- |
| ചെലവ് | 8,21,08,719/- |
| നീക്കിയിരിപ്പ് | 2,20,82,229/- |

### 1-4 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 39588000 | 39588000 | 32376683 | 7211317 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 17519000 | 17519000 | 9859119 | 7659881 |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 5374900 | 5374900 | 3292233 | 2082667 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 11770001 | 11770001 | 7435254 | 4334747 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 18243976 | 18243976 | 3574464 | 14669512 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(അൺ ടൈഡ്) | 0 | 9843099 | 9843099 | 5667903 | 4175196 |
| ബി ഫണ്ട് | 0 | 0 | 0 | 0 | 0 |

### 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി യത് (എണ്ണം) | നടപ്പാക്കാ ത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ ശതമാനം |
|---|---|---|---|---|---|---|
| 157 | 141217150 | 111 | 62680895 | 7 | 39 | 43% |

## 1-6 തൊഴിലുറപ്പ് പദ്ധതി.

ഇല്ല.

## 1-7 ക്ഷേമപദ്ധതി.

ഇല്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.01.2023 ന് 3 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)ബ്ലോക്ക്പഞ്ചായത്തിന്റെമുഴുവൻആസ്തികളുംഉൾപ്പെടുത്തിആസ്തിരജിസ്റ്റർകാലികമാക്കിയിട്ടില്ല.കൂടാതെ,കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അംഗീകരിച്ചിട്ടില്ല.
2)വിവിധ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ വർഷത്തിൽ രണ്ടു മൂന്നു തവണ യോഗം ചേരുന്നത് ഒഴികെ ചുമതല നിറവേറ്റുന്നില്ല.
3)ഡെപ്പോസിറ്റ്, അഡ്വാൻസ് വിവരങ്ങൾ ശരിയായി രജിസ്റ്ററുകളിൽ(ഡെപ്പോസിറ്റ്, അഡ്വാൻസ് ) രേഖപ്പെടുത്തുന്നില്ല.
4) സ്പെഷൽ TSB അക്കൗണ്ട് ( No-715131400000077), SBI കരുവാരകുണ്ട് അക്കൗണ്ട് (No 67287598367) എന്നിവയിലെ ട്രാൻസാക്ഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.
5) ബ്ളോക്ക് പഞ്ചായത്തിൽ നിന്ന് ലഭ്യമാവുന്ന അളവ് പുസ്തകങ്ങൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്റ്റോക്കിലെടുക്കുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.02.2022 | 2020-2021 | 13.04.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.03.2014 മുതൽ 20.03.2014 വരെ. | 2010 -2011 മുതൽ 2012-13 വരെ | 13.05.2014 |

## 1-11 വാർഷിക കണക്ക് പരിശോധന – അപാകതകൾ.

2021-2022 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1). 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 58 (2) (E), (F), (3) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, വാർഷിക അനുപാതങ്ങൾ, എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2). ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3). പ്രത്യേക എ.സി.ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 4 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4). ഡെപ്പോസിറ്റ് രജിസ്റ്ററിൽ ശരിയായി വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 7 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5). അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B- 18 ൽ രേഖപ്പെടുത്തിയ Temporary Advance For Official Purpose ഇനത്തിൽ രേഖപ്പെടുത്തിയ 9,93,474/- രൂപയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

6). വാടക ഇനത്തിൽ 25,700/- രൂപ ഡിമാന്റ്, 20,700/- രൂപ കളക്ഷൻ, 5,000/- രൂപ ബാലൻസ് എന്നിങ്ങനെ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ തുകയുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

7). ബാലൻസ് ഷീറ്റിലെ B-2 ഷെഡ്യൂളിൽ 311710199 – Other Trust Or Agency Funds എന്ന ശീർഷകത്തിൽ 58,848/- രൂപ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഫണ്ട് സംബന്ധിച്ചുള്ള വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

8). ടി.എസ്.സി നീക്കിയിരിപ്പ് ഷെഡ്യൂൾ B-17 പ്രകാരം 20,759/- രൂപയാണ്. എന്നാൽ ആയത് ഷെഡ്യൂൾ B-4 പ്രകാരം 4,742/- രൂപയാണ്. തുക വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

9). വാർഷിക കണക്കിലെ വികസന ഫണ്ട് (എസ്.സി.പി) ചെലവ് തുക എ.സി.ആറിലെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

| വാർഷിക കണക്ക് പ്രകാരം. | എ.സി.ആർ പ്രകാരം. |
|---|---|
| 9388198 | 9859119 |

(ഓഡിറ്റ് എൻക്വയറി നമ്പർ.9/30.01.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-12 മെറിറ്റോറിയസ് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 80/22 |
| പ്രൊജക്റ്റിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്. |
| അടങ്കൽ തുക | 9,50,000/- രൂപ |
| വിനിയോഗിച്ച തുക | 9,50,000/- രൂപ (വികസന ഫണ്ട് - എസ്.സി.പി) |
| ബിൽ നമ്പർ / തീയതി | 2115136302140115566 തീയതി.14.02.2022 – 3,55,000/- രൂപ. |
| | 2115136302140115690 തീയതി.14.02.2022 – 2,20,000/- രൂപ. |
| | 2115136302140115555 തീയതി.14.02.2022 – 3,75,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ. |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് എന്ന ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

1). തുക കുറവായി അനുവദിച്ചു.

2021-22 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി. 14.02.2018) ഖണ്ഡിക 7.2.5 പ്രകാരം മെഡിക്കൽ കോഴ്സിന് 30,000/- രൂപ, എഞ്ചിനീയറിംഗ് കോഴ്സിന് 25,000/- രൂപ, ബിരുദം 20,000/- രൂപ, ബിരുദാനന്തര ബിരുദം 30,000/- രൂപ, ഗവേഷണ വിദ്യാർത്ഥികൾ 30,000/- രൂപ, പോളിടെക്നിക് 20,000/- രൂപ, മറ്റെല്ലാ സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്കും 15,000/- രൂപ എന്ന നിരക്കിൽ സ്കോളർഷിപ്പ് തുക അനുവദിക്കാവുന്നതാണ്. എന്നാൽ താഴെ ചേർത്തിരിക്കുന്ന കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ നിരക്കിൽ കുറവായാണ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ | കോഴ്സ് | അനുവദിക്കാവുന്ന തുക. | അനുവദിച്ച തുക. | അനുവദിച്ചതിൽ കുറവ്. |
|---|---|---|---|---|
| 1 | ബിരുദാനന്തര ബിരുദം. | 30,000/- രൂപ | 20,000/- രൂപ | 10,000/- രൂപ |
| 2 | ഗവേഷണ വിദ്യാർത്ഥികൾ. | 30,000/- രൂപ | 20,000/-രൂപ | 10,000/- രൂപ |
| 3 | മെഡിക്കൽ കോഴ്സ്. | 30,000/- രൂപ | 25,000/- രൂപ | 5,000/- രൂപ |

എന്നാൽ ബിരുദ, എഞ്ചിനീയറിംഗ്, പോളിടെക്നിക് വിദ്യാർത്ഥികൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള തുക പൂർണ്ണമായി നൽകിയിട്ടുണ്ട്.

2). ഒരേ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചു .

ബിരുദ വിദ്യാർത്ഥികൾക്ക് 20,000/- രൂപ വീതമാണ് സ്കോളർഷിപ്പ് അനുവദിക്കേണ്ടത്. സാമ്പത്തിക വർഷം 17 ബിരുദ വിദ്യാർത്ഥികൾക്ക് 20,000/- രൂപ നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ബിരുദ വിദ്യാർത്ഥികൾക്ക് 15,000/- രൂപ വീതം മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

| ക്രമ നമ്പർ. | വിദ്യാർത്ഥിയുടെ പേരും വിലാസവും. | കോഴ്സും സ്ഥാപനവും. |
|---|---|---|
| 1. | ബിജിഷ.എം.എം, മുണ്ടക്കോടൻ ഹൌസ്, മരുതങ്കാട്, കല്ലാമൂല. | ബി.എ (എക്കണോമിക്സ്), അമൽ കോളേജ്, നിലമ്പൂർ. |
| 2 | ആകാശ്.എ, അമ്മാടൻ ഹൌസ്, കരുളായി.പി.ഒ, കൊഴലമുണ്ടക്കുന്ന്. | ബി.വോക് (ഫുഡ് ടെക്നോളജി) |
| 3 | മിന ദാസ്.കെ.പി, കണ്ടങ്ങാപ്പുറം ഹൌസ്, കരുളായി.പി.ഒ | ബി.കോം, എം.ഇ.എസ് കോളേജ്, മമ്പാട്. |

ഒരേ യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് വ്യത്യസ്ത നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചതിന്റെ കാരണം വ്യക്തമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(എൻക്വയറി നമ്പർ.01/27.01.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-13 മെഡിക്കൽ ഓഫീസർ -സി.എച്ച്.സി കാളികാവ് നിർവ്വഹണം നടത്തിയ പദ്ധതികൾ - മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ -സി.എച്ച്.സി കാളികാവ് നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾക്കായി മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. ആയതിൽ ലഭ്യമായ മരുന്നുകളുടെയും ലഭിക്കാൻ അവശേഷിക്കുന്നതിന്റെയും വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് വിവരം | മരുന്ന് ലഭിച്ച വിവരം | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| സെക്കന്ററി പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാളികാവ് (18/22) | 42999/- (റോഡിതരം)<br>ബി.നം 31/21-22 /22.03.2022<br>PRF. 6425/04.12.2021 | ഇ.നം.3869/06.06.2022-7359/-<br>ഇ.നം.9732/31.08.2022- 1583/-<br>ഇ.നം.13131/06.10.2022- 17327/-<br>ഇ.നം.13758/13.10.2022- 1544/-<br>ആകെ- 27813/- | 15186/- |
| സെക്കന്ററി പാലിയേറ്റീവ് പ്രവർത്തനങ്ങൾ കാളികാവ് (149/22) | 164497/- (വികസന ഫണ്ട് ജനറൽ)<br>ബി.നം. 22/21-22 /27.12.21<br>PRF. 2800/21.10.2021 | ഇ.നം.3739/06.06.2022-27931/-<br>ഇ.നം.3740/06.06.2022-10053/-<br>ഇ.നം.3738/06.06.2022-32722/-<br>ഇ.നം.8623/19.08.2022-10408/-<br>ഇ.നം.9723/31.08.2022- 8641/-<br>ഇ.നം.10742/13.09.2022-22675/-<br>ഇ.നം.10131/02.09.2022- 6237/-<br>ഇ.നം.12107/26.09.2022-6337/-<br>ഇ.നം.11580/20.09.2022-5399/-<br>ഇ.നം.14730/25.10.2022-2867/-<br>ഇ.നം.20146/15.12.2022- 1265/-<br>ആകെ-134535/- | 29962/- |

അവശേഷിക്കുന്ന 45148/- രൂപയുടെ മരുന്നുകൾകൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 10/ 30.01.2023)

## 1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നമ്പർ | 155/22 |
| അടങ്കൽ തുക | 13,85,000/- രൂപ (വികസന ഫണ്ട് - എസ്.സി.പി) |
| വിനിയോഗിച്ച തുക (വികസന ഫണ്ട് - എസ്.സി.പി) | 13,25,000/- രൂപ |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
|---|---|

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന പദ്ധതി പ്രകാരം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ 14 വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾ ഓഡിറ്റ് തീയതി വരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് | ബിൽ നമ്പർ/തീയതി | അനുവദിച്ച തുക |
|---|---|---|---|
| 1 | സുധീഷ്ണ, D/o. സുരേഷ്.ഇ, ഇരുവേട്ടിൽ ഹൌസ്, അമ്പലക്കടവ്.പി.ഒ. | 10/2020-21 / 24.03.2021 | 50,000/- |
| | | 01/2021-22 / 16.11.2021 | 60,000/- |
| | | 02/2021-22 / 18.01.2022 | 70,000/- |
| 2 | രഹന.ഒ, D/o. സുബ്രമണ്യൻ.ഒ, ഓവംപുറത്ത് ഹൌസ്, കിളികോട് കോളനി, ഉവ്വൂർ. | 02/2020-21 / 14.01.2021 | 50,000/- |
| | | 01/2021-22 / 16.11.2021 | 50,000/- |
| | | 08/2021-22 / 22.03.2022 | 80,000/- |

നിർമ്മാണം പൂർത്തീകരിച്ച വിവരം, പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ. 3/27.01.2023 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-15 മെഡിക്കൽ ഓഫീസർ -സി.എച്ച്.സി കരുവാരകുണ്ട് നിർവ്വഹണം നടത്തിയ പദ്ധതികൾ - 2,50,868/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു.

മെഡിക്കൽ ഓഫീസർ -സി.എച്ച്.സി കരുവാരകുണ്ട് നിർവ്വഹണം നടത്തിയ വിവിധ പദ്ധതികൾക്കായി മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂറായി തുക നൽകിയിട്ടുണ്ട്. ആയതിൽ ലഭ്യമായ മരുന്നുകളുടെയും ലഭിക്കാൻ അവശേഷിക്കുന്നതിന്റെയും വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | ചെലവ് വിവരം | മരുന്ന് ലഭിച്ച വിവരം | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| സി.എച്ച്.സി കരുവാരകുണ്ട് സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ 152/22 | 107500/- [(6300/- തനതുഫണ്ട് + 101200/- NR)<br>ബി.നം 11/21-22 /27.11.2021- 101200/-<br>ചെ.നം 5893066/03.03.2022- 6300/-]<br>PRF. 5186/06.11.2021 | ഇ.നം.2712/21.05.2022-14516/-<br>ഇ.നം.2370/17.05.2022-63906/-<br>ആകെ- 78422/- | 29078/- |
| സി.എച്ച്.സി കരുവാരകുണ്ട് സി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ 74/22 | 400000/-(NR)<br>ബി.നം 13/21-22 /17.02.2021- 400000/-<br>PRF. 4160/16.12.2021 | ഇ.നം.4492/16.06.2022-80813/-<br>ഇ.നം.15357/30.03.2022-85082/-<br>ഇ.നം.17933/21.11.2022- 20207/-<br>ഇ.നം.13235/07.10.2022- 11445/-<br>ഇ.നം.17069/14.11.2022- 8925/-<br>ഇ.നം.15934/04.11.2022- 30008/-<br>ഇ.നം.21866/03.01.2023- 1320/-<br>ഇ.നം.21555/29.12.2022- 583/- | 161617/- |

| | | | |
|---|---|---|---|
| | | ആകെ- 238383- | |
| സെക്കന്ററി പാലിയേറ്റീവ് പ്രവർത്തനങ്ങൾ കരുവാരകുണ്ട്. (73/22) | 86000/- (റോഡിതരം) ബി.നം 14/21-22 /17.12.2021 PRF. 4039/13.12.2021 | ഇ.നം.16841/11.11.2022- 7796/- ഇ.നം.14159/18.10.2022- 317/- ഇ.നം.13229/07.10.2022- 15941/- ഇ.നം.22932/12.01.2023- 1773/- ആകെ- 25827/- | 60173/- |

അവശേഷിക്കുന്ന 2,50,868/- രൂപയുടെ മരുന്നുകൾകൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും മുൻകൂർ പ്രകാരമുള്ള മുഴുവൻ മരുന്നുകളും ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ : 11/ 30.01.2023)

## 1-16 സോളാർ മിനി മാസ്റ്റ് സ്ഥാപിക്കൽ - ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവൃത്തി

പ്രോജക്റ്റ് നം. 81/22

കാളികാവ് ബ്ലോക്ക് പഞ്ചായത്തിലെ വാരിക്കൽ, മാമ്പറ്റ സർവ്വീസ് സ്റ്റേഷൻ പരിസരം ,എടപ്പറ്റ കരിങ്കാളികാവ് എന്നീ സ്ഥലങ്ങളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ

അടങ്കൽ തുക -10,62,720 രൂപ

വിനിയോഗിച്ച തുക -1,10,508രൂപ (പ്ളാൻ ഫണ്ട് )

ബിൽ നം. 54/21-22/18.03.22
നിർവ്വഹണം – സെക്രട്ടറി

മഞ്ചേരി പി ഡബ്ലി യു ഡി ഇലക്ട്രിക്കൽ സെക്ഷൻ പദ്ധതിക്കായി 9,12,453 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും,സാങ്കേതികാനുമതിക്കായി 1,10,508രൂപ സെന്റേജ് ചാർജായി നൽകുവാൻ ആവശ്യപ്പെട്ടതയും തുക അടവാക്കുകയും ,അസി എക്സി.എഞ്ചിനീയർ പി ഡബ്ലി യു ഡി ഇലക്ട്രിക്കൽ സബ് ഡിവിഷൻ പാലക്കാട് 8,10,945 രൂപയുടെ സാങ്കേതികാനുമതി നൽകുയും ചെയ്തു. ഭരണസമിതിയുടെ 19.11.2022 ലെ 2(2)നം തീരുമാനപ്രകാരം,05.01.2023 ലെ സി 1655/2021 നം. കത്ത് പ്രകാരം സർക്കാറിന്റെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ അനുമതി ലഭ്യമാകുന്നതിന് അപേക്ഷ നൽകുകയാണുണ്ടായത്.
സ.ഉ (പി )നം. 67/2021/ ഫിൻ തീയ്യതി 28.04.21 പ്രകാരം പ്രവൃത്തിയുടെ ചെലവ് ഒരു കോടി രൂപയിൽ താഴെയുള്ള എല്ലാ പ്രവൃത്തികൾക്കും പരമാവധി 8% സെന്റേജ് ചാർജ് നൽകുവാൻ മാത്രമാണ് വ്യവസ്ഥയൊള്ളൂ. ആയതിനു പകരം (72996 രൂപ (9,12,453x 8/100)1,10,508രൂപ സെന്റേജ് ചാർജായി അനുവദിച്ചത് എപ്രകാരമെന്ന് വ്യക്തമാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് നിയമം മൂന്നാം പട്ടിക പ്രകാരം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ ഗ്രാമ പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ്. നിയമ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിലല്ലാത്ത മേഖലയിൽ ഫണ്ട് ചെലവഴിക്കുന്നതിന് സർക്കാറിന്റെ അനുമതി ആവശ്യമാണ്.

തദ്ദേശസ്വയം ഭരണ കോർഡിനേഷൻ കമ്മിറ്റിയുടെ 22-4-2015 ലെ 3(9), 22-7-2015 ലെ 3(4) തീരുമാനങ്ങൾ പ്രകാരം സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക എന്നുള്ളത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതല്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്തുകൾക്ക് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനുള്ള അനുമതി നിരസിക്കുകയും ചെയ്തതാണ്. ഈ പ്രോജക്ട് നടപ്പാക്കുന്നതിന് സർക്കാറിന്റെ പ്രത്യേക അനുമതി ലഭ്യമായിട്ടില്ല. കൂടാതെ,പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മിനി മാസ്റ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകണമെന്ന വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ അപേക്ഷ, 19.02.2022 ലെ കോ ഓർഡിനേഷൻ കമ്മറ്റിയുടെ 4-31 തീരുമാനപ്രകാരം, മിനി മാസ്റ്റ് സ്ഥാപിക്കേണ്ട ചുമതല ബ്ലോക്ക് പഞ്ചായത്തുകളുടെതല്ലെന്ന കാരണത്താൽ തള്ളുകയും ചെയ്തിട്ടുള്ളതാണ്.

സർക്കാറിന്റെ മുൻകൂർ അനുമതിയില്ലാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് പണം ചെലവഴിച്ചത് അംഗീകരിക്കുന്നില്ല. പദ്ധതിക്കായി വിനിയോഗിച്ച 1,10,508രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

ഓഡിറ്റ് പരാമർശിച്ച അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ചുമതലയിൽപ്പെടാത്ത പ്രൊജക്ടിന് പണം ടെലവഴിച്ചതിന് സർക്കാർ സാധൂകരണം നേടേണ്ടതുമാണ്. ചെലവിന് സർക്കാർ അനുമതി ലഭ്യമാക്കുന്നത്‌വരെ തടസ്സം തുടരുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നം.6/2021-22/30.01.23)

## 1-17 കാളികാവ് ബ്ലോക്ക് ഓഫീസിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി - സ്ഥാപനത്തിന്റെ ചെലവ് വിവരം ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. 82/22

കാളികാവ് ബ്ലോക്ക് ഓഫീസിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി (ഡെപ്പോസിറ്റ് പ്രവൃത്തി)

അടങ്കൽ തുക – 5,61,083രൂപ

വിനിയോഗിച്ച തുക – 5,55,500രൂപ

ബിൽ നം.28/21-22/28.12.21 – 5,55,500രൂപ

നിർവ്വഹണം - സെക്രട്ടറി

അനർട്ട് മലപ്പുറം ജില്ലാ ഓഫീസിന്റെ മേൽ നോട്ടത്തിൽ 7KWP സോളാർ പവ്വർ പ്ലാന്റ് (ഓഫ് ഗ്രിഡ് */ശൃംഖല ബന്ധിത )സ്ഥാപിച്ച നൽകലാണ് പദ്ധതി .08.03.22 ന് സ്ഥാപനവുമായി ചമച്ച എഗ്രിമെൻറ് പ്രകാരം (നം.14*2021-22/08.03.22) ആകെ പദ്ധതി തുകയും അതിന്റെ 10 % അനർട്ടിന്റെ ഭരണ ചെലവും അടങ്ങുന്ന തുകയായ 5,55,000രൂപ മുൻകൂറായി അനർട്ടിന് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും അനർട്ടിൽ നിന്നുള്ള നം.206/ANERT-MPM/33/202-DE(MPM)തീ.05.12.2022 കത്ത് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുള്ളതുമാണ്. പദ്ധതി സംബന്ധിച്ച് താഴെ പറയുന്ന വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

1)മേൽ കരാർ പ്രകാരം പദ്ധതി പൂർത്തീകരിച്ച് 15ദിവസത്തിനകം പവ്വർപ്ലാന്റ് ഗുണഭോക്താവിന് കൈമാറുന്നതും തുടർന്ന് ഒരു മാസത്തിനകം പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം സ്ഥാപനത്തിന് നൽകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രം.

2)മേൽ കരാർ പ്രകാരം പവ്വർപ്ലാന്റ് സ്ഥാപിക്കുമ്പോൾ ചെലവാകുന്ന തുക പദ്ധതിക്കായി സ്ഥാപനം ഡെപ്പോസിറ്റ് ചെയ്ത തുകയെക്കാൾ കുറവാണെങ്കിൽ ബാക്കി തുക അനർട്ട് സ്ഥാപനത്തിന് നൽകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.എന്നാൽ ചെലവ് വിവരം സ്ഥാപനം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.അനർട്ട് അംഗീകൃത സ്ഥാപനം,നിർവ്വഹണം നടത്തിയ ഉഷാ ഇലക്ട്രോണിക്സ് ,ക്കുറ്റനാട് ലഭ്യമാക്കിയ ബിൽ പ്രകാരം 3,14,222 രൂപയാണ് ചെലവ് (അനർട്ടിന്റെ ഭരണ ചെലവ് 50,500 ഒഴികെ ).

അപാകത പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 2/ 2021-22/ 27.01.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.വ്യക്തമായ ചെലവുകളുടെ വിവരം ലഭ്യമാക്കേണ്ടതും ഉടമ്പടി പ്രകാരം തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-18 കാളികാവ് സി എഫ് എൽ ടി സി (സഫ ഹോസ്പിറ്റൽ)അനുബന്ധ പ്രവർത്തനങ്ങൾ -വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം.122/22

കാളികാവ് സി എഫ് എൽ ടി സി (സഫ ഹോസ്പിറ്റൽ)അനുബന്ധ പ്രവർത്തനങ്ങൾ

അടങ്കൽ തുക – 2,00,000രൂപ

വിനിയോഗിച്ച തുക – 1,92,620 രൂപ (തനത് ഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം ചെലവഴിച്ച 1,92,620 രൂപയിൽ 1,30,600രൂപ സംബന്ധച്ച താഴെ പറയുന്ന വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| വൗച്ചർ നം. തീയ്യതി | വിനിയോഗിച്ച തുക | റിമാർക്സ് |
|---|---|---|
| 22100122/12.08.21 | 63250 | മുഹമ്മദ് മൽഖാൻ,ലാബ് ടെക്നീഷ്യൻ<br>45x 850 = 38,250 രൂപ<br>വസീം അഹ്സൽ, ഡി ഇ ഒ(വാക്സിനേഷൻ)<br>50x 500 = 25,000രൂപ<br>(2021 ജൂൺ ,ജൂലൈ മാസങ്ങളിൽ |

| | | |
|---|---|---|
| | | താൽക്കാലികമായി ജോലി ചെയ്തതിന് നൽകിയ തുക ) |
| 22100241/10.12.21 | 67,350 | മുഹമ്മദ് മൽഖാൻ,ലാബ് ടെക്നീഷ്യൻ<br>61x 850 = 51,850 രൂപ<br>വസീം അഹ്സൽ, ഡി ഇ ഒ(വാക്സിനേഷൻ)<br>4x 500 = 2,000രൂപ<br>ജോഫി ജോസഫ്,ഡി ഇ ഒ(വാക്സിനേഷൻ)<br>27x 500= 13,500 രൂപ<br>(2021 ആഗസ്റ്റ് 1 മുതൽ ഒക്ടോബർ 10 താൽക്കാലികമായി ജോലി ചെയ്തതിന് നൽകിയ തുക ) |

പ്രസ്തുത തുക മെഡിക്കൽ ഓഫീസർ സി എച്ച് സി കാളികാവിന് നൽകുകയാണ് സെക്രട്ടറി ചെയ്തിട്ടുള്ളത്. മേൽ വ്യക്തികൾ ജോലി ചെയ്തതിന്റെ വിവരം (ഹാജർ പട്ടിക ),തുക കൈപ്പറ്റിയതിന്റെ വിവരം,നിരക്ക് നിശ്ചയിച്ചതിന് ആധാരമായ സർക്കാർ ഉത്തരവ് എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവുതുക 1,30,600രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നം.7/2021-22/30.01.2023)

## 1-19 കോവിഡ് പ്രതിരോധ പ്രവർത്തനം -കോവിഡ് രണ്ടാം തരംഗം- സഫ സി എഫ് എൽ ടി സി യിലെ സ്റ്റഫ് നേഴ്സ്മാർക്ക് അധിക വേതനം നൽകൽ പദ്ധതി - വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം.200/22

കോവിഡ് പ്രവർത്തനം -കോവിഡ് രണ്ടാം തരംഗം- സഫ സി എഫ് എൽ ടി സി യിലെ സ്റ്റാഫ് നേഴ്സ്മാർക്ക് അധിക വേതനം നൽകൽ പദ്ധതി

അടങ്കൽ തുക & വിനിയോഗിച്ച തുക – 6,67,512 രൂപ (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം )

ബിൽ നം. 34/20-21/ 15.02.2022 - 6,67,512 രൂപ

നിർവ്വഹണം - സെക്രട്ടറി

പദ്ധതി പ്രകാരം കോവിഡ് ആശുപത്രിയായി സജ്ജീകരിച്ച സഫ (സി എഫ് എൽ ടി സി ) ഹോസ്പിറ്റളിലെ സ്റ്റാഫ് നേഴ്സ്മാർക്ക് അധിക വേതനം നൽകുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതിക്ക് ബഹു.മലപ്പുറം ഡെപ്യൂട്ടി കളക്ടർ (ദുരന്തനിവാരണം- ഇൻ ചാർജ് )നം. 115/2022 DM1 തീ.14. 01.22 ലെ കത്തിൽ പ്രകാരം സ്റ്റാഫ് നേഴ്സ്മാർക്ക് അധിക വേതനം നൽകുന്നതി അനുമതി നൽകി . ആയതിൽ പ്രകാരം ശിവ്യ ടി എന്ന സ്റ്റാഫ് നേഴ്സിന് 2021 ഏപ്രിൽ ,മെയ് ജൂൺ ,ജൂലൈ ,ആഗസ്റ്റ് ,സെപ്റ്റംബർ മാസങ്ങളിൽ ജോലി ചെയ്തതിന് 46,136 രൂപ (158 ദിനം 292 രൂപ നിരക്കിൽ)നൽകുകയും ചെയ്തു. (ഇവർ എവിടെ ജോലി ചെയ്യുന്ന സ്റ്റാഫ് നേഴ്സാണെന്ന് വ്യക്തമല്ല)

ഇതോടപ്പം 2021 ഏപ്രിൽ ,മെയ് ജൂൺ ,ജൂലൈ ,ആഗസ്റ്റ് ,സെപ്റ്റംബർ മാസങ്ങളിൽ 25 പേർക്ക് കൂടി നിയമനം നൽകുകയും ആകെ 6,21,376 രൂപ വേതനം ഇനത്തിൽ നൽകുകയും ചെയ്തു.ആയത് സംബന്ധിച്ച് താഴെപറയുന്ന വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

1) സ്റ്റാഫ് നേഴ്സ്മാർക്ക് അധിക വേതനം നൽകുന്നതിനായി മാത്രം തയ്യാറാക്കി അനുമതി വാങ്ങിയ പദ്ധതിയിൽ 25 പേർക്ക് പുതിയതായി നിയമനം നൽകിയത് എപ്രകാരമെന്നും ആയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പും

2) 292 രൂപ പ്രതിദിന വേതനം നിശ്ചയിച്ച നൽകിയതിന് ആയതിന് ആധാരമാക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ്.

3)ജീവനക്കാർ ജോലി ചെയ്തതിന്റെയും, വേതനം കൈപ്പറ്റിയതിന്റെയും വിശദാംശങ്ങൾ

അപാകതകൾ പരാമർശിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (എൻക്വയറി നം. 8/21-22/30.03.23 )മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവുതുക 6,67,512 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 കാളികാവ് ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ലൈഫ്

ഭവന പദ്ധതി വിഹിതം നല്കൽ - വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 201/22

കാളികാവ് ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ലൈഫ് ഭവന പദ്ധതി വിഹിതം നല്കൽ

നിർവ്വഹണം. :സെക്രട്ടറി

അടങ്കൽ:40,00,000രൂപ (പ്ലാൻ -ജനറൽ)

ചെലവഴിച്ചതുക: 39, 90,000രൂപ

പദ്ധതിയിൽ താഴെ പറയും പ്രകാരം വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

| ഗ്രാമ പഞ്ചായത്ത് | ചെലവഴിച്ച തുക | ബിൽനമ്പർ | വിനിയോഗസാക്ഷ്യ പത്രം ലഭ്യമായത് |
|---|---|---|---|
| കാളികാവ് | 10,00,000 | 211513000000006147/28.12.21 &6045/23.12.21 | 0 |
| കരുളായി | 5,20,000 | 211507000000013010/23.12.21 | 0 |
| തുവ്വൂർ | 7,70,000 | 211513000000006239/ 29.12.21 &6073/23.12.21 &6072/23.12.21 | 0 |
| കരുവാരകുണ്ട് | 11,00,000 | 211513000000006047/23.12.21 &6153/28.12.21 | |
| അമരമ്പലം | 6,00,000 | 211507000000014513/ 22.01.22&17358/10.03.22&12920 /24.12.21 | |
| ആകെ | 39,90,000 | | |

(രേഖകൾ ലഭ്യമാക്കുന്നത് വരെ പദ്ധതിക്കായി ചെലവഴിച്ച 39,90,000രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. (എൻക്വയറി നം.13/2021-22/31.01.23-മറുപടി ലഭ്യമാക്കിയില്ല.)

1-21 അസി .എക്സി .എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ ,ലാപ് ടോപ്പ് വാങ്ങൽ - സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല.

പ്രോജക്റ്റ് നം. 213/22

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലേക്ക് കമ്പ്യൂട്ടർ ലാപ് ടോപ്പ് വാങ്ങൽ പദ്ധതി

വിനിയോഗിച്ച തുക – 1,47,700രൂപ

ബിൽ നം.211513000000008728/24.03.222

നിർവ്വഹണം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പദ്ധതി പ്രകാരം 4 മോണിറ്റർ, സി പി യു, മൗസ്, ഒരു പ്രിന്റർ എന്നിവ ബെസ്റ്റ് കമ്പ്യൂട്ടേഴ്സ് ,കാളികാവ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന വാങ്ങിക്കുകയാണ് ചെയ്തിട്ടുള്ളത്.

ജി ഒ (പി ) നം. 10/2019/ എസ് പി ഡി തീയ്യതി 22.08.2019 ,ഗവ.സർക്കുലർ നം. ഐ ടി സെൽ 1/26/2019/ വി സ വ തീയ്യതി 18.03.19 എന്നിവ പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാറിന്റെ ഓൺലൈൻ പോർട്ടൽ മുഖേന വാങ്ങേണ്ടതാണെന്ന് നിഷ്കർശിച്ചിട്ടുണ്ട്. എന്നാൽ Cprcs പോർട്ടലായ Www.cprcs,kerala.gov.in പോർട്ടലിൽ നിന്നും ലഭിക്കുവാൻ ഒരു മാസത്തിലധികം കാലതാമസമുണ്ടായാൽ മാത്രം ടെണ്ടർ/ഇ ടെണ്ടർ മുഖേന വാങ്ങാൻ കഴിയുവെന്ന് ഗവ.സർക്കലർ നം. ഡി എ 1/153/2020/ തസ്വഭവ തീ. 07.09.20 ലെ ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ആയത് ഒട്ടും തന്നെ പാലിക്കാതെ വാങ്ങൽ നടത്തിയതിന് വ്യക്തമായ കാരണം വ്യക്തമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 14/2021-22/31.01.2023)

1-22 നിയമപരമായ കാലാവധിക്കുള്ളിൽ കരാർ ചമക്കാത്തതിന് പിഴ ഈടാക്കിയില്ല. നഷ്ടം

8628 രൂപ.

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ .

GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2009-6 പ്രകാരം ഒരുപ്രവൃത്തിയുടെ ടെൻഡർ സ്വീകരിച്ച് ഏഴ് ദിവസത്തിനകം കരാറുകാരന് ടെൻഡർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് (സെലക്ഷൻ നോട്ടീസ്) നൽകണം. സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസത്തിനകം കരാർ ചമക്കാത്ത പക്ഷം 14 ദിവസത്തിന് ശേഷമുള്ള 10 ദിവസത്തിനകം കരാർ തുകയുടെ (PAC) 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000 രൂപ, പരമാവധി 25000 രൂപ) കരാർ ചമക്കാവുന്നതാണ്. ഈ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ ടെൻഡർ റദ്ദാക്കുകയും EMD കണ്ട്കെട്ടി ടെൻഡർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വേണം. തുടർന്ന് തൊട്ടടുത്ത കരാറുകാരനോട് ഇതേ നിരക്കിലും നിബന്ധനയിലും കരാറേറ്റെടുത്ത് നടത്താമോയെന്ന് നെഗോഷ്യേറ്റ് ചെയ്യേണ്ടതും ഇത് സാദ്ധ്യമല്ലെങ്കിൽ റീ ടെണ്ടർ ചെയ്യേണ്ടതുമാണ്. എന്നാൽ, താഴെ പറയുന്ന പ്രവൃത്തിയുടെ കരാർ മേൽ പറഞ്ഞ 24 ദിവസത്തിന് ശേഷമാണ് ചമച്ചതെങ്കിലും കരാർ തുകയുടെ 1% പിഴ ഈടാക്കുകയോ 24 (14+10) ദിവസം കഴിഞ്ഞിട്ടും കരാർ ചമച്ചില്ലെങ്കിൽ സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

പ്രവൃത്തി: ബ്ളോക്ക് ഓഫീസിലേക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ,ഫർണീച്ചർ ഇലക്ട്രിക്കൽ ഉപകരണങ്ങൾ മുതലായവ, 141/22

അടങ്കൽ: 862823 രൂപ (വികസന ഫണ്ട്-G)

കരാറുകാരൻ: ARTCO

കരാർ: AE/KKV/BP/21-22/21-1-22

PAC: 770110 രൂപ

ചെലവ്: 862823 രൂപ

ബിൽ നമ്പർ: 20/23-2-22, 708719രൂപ

ബിൽ നമ്പർ: 29/16-3-22, 154104രൂപ

സെലക്ഷൻ നോട്ടീസ്: AE/LSGD/KKV/BP/21-22/20-12-21

പിഴയില്ലാതെ കരാർ ചമക്കേണ്ട അവസാന തീയതി: 3-1-22

(സെലക്ഷൻ നോട്ടീസിൽ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്)

പിഴയോടു കൂടി കരാർ ചമക്കേണ്ട അവസാന തീയതി: 13-1-22

കരാർ ചമച്ച തീയതി: 21-1`-22

ഈടാക്കേണ്ട പിഴ,( PAC യുടെ 1%): 7701.10 Rounded To: 7701 രൂപ.

മേൽ പ്രകാരം പിഴ ഈടാക്കാത്തതിനും പിഴയോടു കൂടി കരാർ ചമക്കേണ്ട അവസാന തീയതിയായ 13-1-22 നകം കരാർ ചമക്കാതിരുന്നിട്ടും മേൽ ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിക്കാതിരുന്നതിനും വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 5/28-1-23 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 8628 രൂപ പിഴയിനത്തിൽ ഈടാക്കേണ്ടതും പിഴയോടു കൂടി കരാർ ചമക്കേണ്ട അവസാന തീയതിയായ 13-1-22 നകം കരാർ ചമക്കാതിരുന്നിട്ടും മേൽ ഉത്തരവ് പ്രകാരമുള്ള നടപടി സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതുമാണ്.

1-23 പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ .

പ്രവൃത്തി: അക്കരക്കുളം GLP സ്കൂളിൽ പെൺകുട്ടികൾക്ക് ശുചിമുറി സമുച്ചയം നിർമാണം, 70/22

അടങ്കൽ: 800000 രൂപ (വികസന ഫണ്ട്-G)

കരാറുകാരൻ: ശ്രീ യൂസഫലി കെ

കരാർ: 09/21-22/9-11-21

ചെലവ്: 200998 രൂപ

ബിൽ നമ്പർ: 41/21-22/30-3-22

അളവ് പുസ്തകം: 9/21-22

കാലാവധി: 6 മാസം

പ്രവത്തി സ്ഥലം കൈമാറിയത്: 9-11-21

പൂർത്തിയാക്കേണ്ട തീയതി: 8-5-22

അളവ് പുസ്തകം പേജ് 1 പ്രകാരം 7-1-22 ന് തുടങ്ങിയ ഈ പ്രവത്തിയുടെ അവസാന അളവെടുത്തത് 26-3-22 നാണ്. (പേജ് 22) ആകെയുള്ള 36 ഇനങ്ങളിൽ ആകെ 13 ഇനങ്ങൾ ചെയ്ത് കരാറുകാരന് പാർട്ട് ബിൽ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കിയതായി കാണുന്നില്ല. പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അക്കാര്യം അറിയ്ക്കേണ്ടതാണ്. ഇല്ലെങ്കിൽ പൂർത്തിയാക്കാത്തതിന് വിശദീകരണം നൽകേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 4/28-1-23 ഓഡിറ്റ് നംപർ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവത്തി പൂർത്തീകരിച്ച് അക്കാര്യം അറിയിക്കേണ്ടതാണ്

## 1-24 പദ്ധതിപ്പണം മുഴുവനായും ചെലവഴിച്ചിട്ടില്ല.

കാളികാവ് ബ്ളോക്ക് പഞ്ചായത്തിൽ 2021-22 ൽ പദ്ധതിപ്പണം വളരെ കുറച്ച് മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. ആകെ ലഭ്യമായ 10,23,38,976 രൂപയിൽ 4,01,33,320 രൂപയും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | ഇനം | വരവ് | ചെലവ് | നീക്കിബാക്കി |
|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 39588000 | 32376683 | 7211317 |
| 2 | വികസന ഫണ്ട് (SCP) | 17519000 | 9859119 | 7659881 |
| 3 | വികസന ഫണ്ട് (TSP) | 5374900 | 3292233 | 2082667 |
| 4 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 11770001 | 7435254 | 4334747 |
| 5 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) | 18243976 | 3574464 | 14669512 |
| 6 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Un Tied) | 9843099 | 5667903 | 4175196 |
| | ആകെ | 10,23,38976 | 6,22,05,656 | 4,01,33,320 |

ഇത്രയും ഭീമമായ തുക ചെലവഴിക്കാൻ കഴിയാതിരുന്നതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 15/31-1-23 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-25 വാഹന വാടക നൽകിയത് - ആദായ നികുതി ഈടാക്കിയില്ല.

അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ആവശ്യത്തിനായി വാഹനം വാടകക്ക് എടുക്കൽ പദ്ധതി പ്രകാരം (പ്രോജക്റ്റ് നം. 142/22) കരാർ അടിസ്ഥാനത്തിൽ വാഹനം വിളിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.മണികണ്ഠൻ നായർ വിലങ്ങുകല്ലിൽ വീട് , അടയ്ക്കാകുണ്ട് എന്നയാളുടെ (KL11 BC 6376 TATA Indigo Car)ക്വട്ടേഷൻ (പ്രതി മാസം 1200കീ.മി യാത്രചെയ്യുന്നതിന് 21000 രൂപ (17.50/കീ.മീ.) അംഗീകരിക്കുകയും താഴെ പറയും പ്രകാരം ടിയാന് വാഹന വാടക നൽകുകയും ചെയ്തിട്ടുണ്ട്.

| ക്രമനം. | വൗച്ചർ നം. / തീയ്യതി | വാഹന വാടക നൽകിയത് |
|---|---|---|
| 1 | 211513000000003787/09.09.21 | 1,05,000 |
| 2 | 211513000000005928/17.12.21 | 63,000 |
| 3 | 211513000000007527/15.02.21 | 63,000 |
| 4 | 211513000000008405/15.03.21 | 19,000 |

ഇൻകം ടാക്സ് നിയമം 1961 സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 1,00,000 രൂപയിൽ അധികമാണ് എങ്കിൽ 1% ആദായ നികുതി കരാറുകാരനിൽ നിന്ന് ഈടാക്കേണ്ടതുണ്ട്. എന്നാൽ കരാറുകാരനിൽ നിന്ന് ആദായ നികുതി (2500 രൂപ) ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്.തുക ഈടാക്കി ഐ.ടി. അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. /2021-22/30.01.2023)

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 30.01.2023 മുതൽ 31.03.2023 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേരും നമ്പറും | ചെലവഴിച്ച തുക (രൂപ) | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 686000 | പ്രൊജക്ട് നം. 9/22- ഭവന നിർമ്മാണം-സ്ഥലം വാങ്ങൽ- ജനറൽ | 686000 | 0 |
| ജില്ലാ പഞ്ചായത്ത് | 105000 | പ്രൊജക്ട് നം. 11/22- പി.എം.എ.വൈ (SCP) ഭവന നിർമ്മാണം- സ്ഥലം വാങ്ങൽ | 105000 | 0 |
| ജില്ലാ പഞ്ചായത്ത് | 63000 | പ്രൊജക്ട് നം. 13/22- പി.എം.എ.വൈ (TSP) ഭവന നിർമ്മാണം | 63000 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ.

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ചെക്ക് നം. | തുക | | |
| അനർട്ട് മലപ്പുറം | 82/22കാളികാവ് ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സോളാർ പ്ലാന്റ് സ്ഥാപിക്കൽ | 555500/- ബി.നം 28/21-22 /28.12.21 | 555500/- | ---- | -- |

പൂർണ്ണ വിവരം ലഭ്യമായിട്ടില്ല. ആയത് 1-17ൽ പരാമർശിച്ചിട്ടുണ്ട്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ.

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്.

ഇല്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി.

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

ഇല്ല.

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരങ്ങൾ.

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 96675266.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 82108719.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 48,98,620 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

നഷ്ടം ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,10,508 | ശ്രീ ജയരാജൻ വി , സെക്രട്ടറി ഇൻ ചാർജ് |
| 1-18 | 1,30,600 | ശ്രീ.കേശവദാസ് പി , സെക്രട്ടറി |
| 1-19 | 6,67,512 | ശ്രീമതി .അംബിക വി എം ,സെക്രട്ടറി -ഇൻ ചാർജ് |
| 1-20 | 39,90,000 | ശ്രീ.കേശവദാസ് പി , സെക്രട്ടറി |
| ആകെ | 48,98,620 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2011-12<br>2012-13 | എൽ.എഫ്.എം.4/1747/2017 തിയ്യതി 29.05.2019 | 15 |
| 2013-14 | എൽ.എഫ്.എം. 4/2898/2019 തിയ്യതി 15.09.2020 | 4 |
| 2014-15 | കെ.എസ്.എ.എം.പി.എം.14/1745/2020 തീയ്യതി.21.12.2020 | 10 |
| 2015-16 | കെ.എസ്.എ.എം.പി.എം.4/54/2020 തിയ്യതി.15-09-2020 | 10 |
| 2016-17 | കെ.എസ്.എ.എം.പി.എം.4/882/2021 തിയ്യതി.12.10.2021 | 3 |
| 2017-18 | കെ.എസ്.എ.എം.പി.എം.4/883/2021 തിയ്യതി.10.11.2021 | 1 |
| 2018-19 | കെ.എസ്.എ.എം.പി.എം.4/1255/2020 തിയ്യതി.12.10.2021 | 4 |
| 2019-20 | കെ.എസ്.എ.എം.പി.എം.4/ / തിയ്യതി. | 8 |
| 2020-21 | കെ.എസ്.എ.എം.പി.എം.4/ / തിയ്യതി. | 12 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
മലപ്പുറം.

എം.എ.2/2023

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കാളികാവ് ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്